"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമവകുപ്പ്- ജീവനക്കാര്യം- ശ്രീമതി.ബീനാമോൾ.എം.വി., ശ്രീമതി.ഉഷാകമാരി.പി, ശ്രീമതി.സിസിരാജ്ജ, ശ്രീമതി.സുസമ്മ ഉതുപ്പ് എന്നിവർ ഫയൽ ചെയ്ത O.A 772/2024 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20/05/2024 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2043/2024/H&FWD തീയതി,തിരുവനന്തപുരം, 28-08-2024

---

പരാമർശം:-

1. ശ്രീമതി.ബീനാമോൾ.എം. വി. ശ്രീമതി.ഉഷാകമാരി.പി, ശ്രീമതി.സിസിരാജ്ജ, ശ്രീമതി.സുസമ്മ ഉതുപ്പ് എന്നിവർ സമർപ്പിച്ച 15 /04/2024 തീയതിയിലെ നിവേദനം (Annexure A10)
2. ശ്രീമതി.ബീനാമോൾ.എം. വി, ശ്രീമതി. ഉഷാകമാരി.പി, ശ്രീമതി.സിസിരാജ്ജ, ശ്രീമതി.സുസമ്മ ഉതുപ്പ് എന്നിവർ സമർപ്പിച്ച 04/05/2024 തീയതിയിലെ നിവേദനം (Annexure A12)
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 772/2024 നമ്പർ കേസിന്റെ 20/05/2024 തീയതിയിലെ അന്തിമ വിധിന്യായം
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 19-06-2024 തീയതിയിലെ DHS/4593/2024-FWA5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആരോഗ്യവകുപ്പിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ വിരമിച്ച ശ്രീമതി.ബീനാമോൾ.എം. വി. ശ്രീമതി.ഉഷാകമാരി.പി, ശ്രീമതി.സിസിരാജ്ജ, ശ്രീമതി.സുസമ്മ ഉതുപ്പ് എന്നിവർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലെ ഹയർ ഗ്രേഡ് ആയ 1/3 റേഷ്യോ പ്രൊമോഷൻ തങ്ങളേക്കാൾ ജൂനിയർ ആയ ജീവനക്കാർക്ക് അനുവദിച്ചു എന്നും തങ്ങൾക്ക് നിഷേധിക്കപ്പെട്ടു എന്നും കാണിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A 772/2024 നമ്പറായി കേസ് ഫയൽ ചെയ്യുകയും പരാമർശം (1, 2) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ചെയ്തിരുന്നു.

2. O.A 772/2024 നമ്പർ കേസിന്റെ 20/05/2024 തീയതിയിലെ അന്തിമ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ പരാതിക്കാരുടെ Annexure-A10 മുതൽ A12 നിവേദനങ്ങൾ പരിഗണിച്ച്, അവരെ നേരിൽ കേട്ട്, കോടതി ഉത്തരവ് കിട്ടി മൂന്ന് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. പ്രസ്തുത കോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ, പരാതിക്കാരെ 29/06/2024 -ൽ നേരിൽ കേൾക്കുകയുണ്ടായി. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ പ്രതിനിധികളും ഹിയറിംഗിൽ പങ്കെടുത്തു.

4. ഒരു ജീവനക്കാരൻ സർവീസിൽ ഉണ്ടായിരിക്കുകയും പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കുകയും ചെയ്താൽ മാത്രമെ റേഷ്യോ പ്രൊമോഷനായി പരിഗണിക്കാൻ സാധിക്കുകയുള്ളൂ. 04/10/2019 അപരാഹ്നത്തിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ബീനാമോൾ.എം.വി, ശ്രീമതി.സുസമ്മ ഉതുപ്പ് എന്നിവരുടെ പ്രൊബേഷൻ 05/10/2020 പൂർവാഹ്നത്തിലും 03/10/2019 അപരാഹ്നത്തിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ഉഷാകമാരി.പി,-യുടെ പ്രൊബേഷൻ 04/10/2020 പൂർവാഹ്നത്തിലും 30/10/2019 പൂർവാഹ്നത്തിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സിസിരാജു-വിന്റെ പ്രൊബേഷൻ 30/10/2020 പൂർവാഹ്നത്തിലും പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 16/12/2017 മുതൽ 31/12/2020 വരെയുള്ള പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രസിദ്ധീകരിച്ചപ്പോൾ സീനിയോറിറ്റി ലിസ്റ്റിൽ 135, 137, 139, 141 സ്ഥാനക്കാരായിരുന്നു അപേക്ഷകർ. സീനിയോറിറ്റി ലിസ്റ്റിൽ യഥാക്രമം 142, 147, 148 സ്ഥാനക്കാരായ ശ്രീമതി ലിസി മോൾ, ശ്രീമതി നൂർജഹാൻ.എ, ശ്രീമതി മേബിൾ.ജെ എന്നിവർക്ക് പബ്ലിക് ഹെൽത്ത് നഴ്സിംഗ് സുപ്പർവൈസർ (ഹയർ ഗ്രേഡ്) എന്ന റേഷ്യോ പ്രമോഷൻ (1/3 എന്ന അനുപാതത്തിലുള്ളത്) നൽകി അനുബന്ധം 7 പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ 03/06/2023- ൽ ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടപ്പോൾ, അവരേക്കാൾ സീനിയർ ആയ തങ്ങൾക്കു റേഷ്യോ പ്രൊമോഷൻ നിഷേധിക്കപ്പെട്ടു എന്നു മനസ്സിലാക്കിയ പരാതിക്കാർ അവരുടെ വിഷയം ബഹു. കോടതി മുൻപാകെ സമർപ്പിക്കുകയാണുണ്ടായത്. ഹർജിക്കാരുടെ ജൂനിയേഴ്സിന് ആദ്യം നൽകിയ റേഷ്യോ പ്രമോഷൻ തീയതി മുതൽ 1/6/2021 തീയതി വരെ ഹർജിക്കാരെ ഉൾക്കൊള്ളുവാൻ 1/3 അനുപാതം അനുസരിച്ച് പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ഹയർ ഗ്രേഡ് തസ്തികയിൽ ഒഴിവുണ്ടായിരുന്നു എന്നും ഹർജിക്കാർ അവകാശപ്പെടുന്നു. ആയതിനാൽ ഹർജിക്കാർക്ക് അവർ വിരമിക്കുന്നതിന് മുൻപുള്ള തീയതിയിൽ നോഷണൽ ആയി പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ഹയർ ഗ്രേഡ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അവരുടെ പെൻഷൻ ആനുകൂല്യങ്ങളിൽ അതനുസരിച്ചുള്ള മാറ്റം വരുത്തി അർഹതപ്പെട്ട അവകാശങ്ങൾ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

5. പരാമർശം (3) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും പരാമർശം (4) പ്രകാരമുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ 03/06/2023- ൽ പുറപ്പെടുവിച്ച ഉത്തരവിലെ റേഷ്യോ പ്രൊമോഷൻ തീയതികൾ കണക്കാക്കി നൽകിയതിൽ അപാകത ഉണ്ടെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യവകുപ്പ് ഡയറക്ടർ തന്നെ മറ്റൊരു ഉത്തരവിലൂടെ ഹർജിക്കാരുടെ ജൂനിയറായിരുന്ന ശ്രീമതി ലിസി മോൾ, ശ്രീമതി നൂർജഹാൻ.എ, ശ്രീമതി മേബിൾ.ജെ, എന്നിവരുടെ റേഷ്യോ പ്രമോഷൻ തീയതി ഹർജിക്കാരുടെ റിട്ടയർമെൻറ് തീയതിക്ക് ശേഷമായ 01/06/2021 തീയതി മുതൽ പുനഃ ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതിക്കാരുടെ അപേക്ഷ പരിശോധിച്ചതിൽ, ടി ജീവനക്കാർ റേഷ്യോ പ്രൊമോഷൻ അനുവദിക്കേണ്ട തീയതിയ്ക്ക് മുൻപേ അതായത് 30/05/2021 - ൽ സർവീസിൽ നിന്നും വിരമിച്ചതിനാലും അപ്രകാരം വിരമിച്ച ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് നിർവാഹമില്ലാത്ത സാഹചര്യത്തിലും പരാതിക്കാരുടെ അപേക്ഷ പരിഗണനാർഹമല്ല.

6. മേൽ സാഹചര്യത്തിൽ ശ്രീമതി.ബീനാമോൾ.എം.വി. ശ്രീമതി.ഉഷാകമാരി.പി,

ശ്രീമതി.സിസിരാജ്ജ, ശ്രീമതി.സുസമ്മ ഉഴുപ്പ് എന്നിവർ സമർപ്പിച്ച Annexure A10, Annexure A12 അപ്പീലുകൾ നിരസിക്കുന്നു. ഇപ്രകാരം, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 772/2024 നമ്പർ കേസിന്റെ 20/05/2024 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ശ്രീമതി.ബീനമോൾ എം.വി., മാറാട്ടുകുളം, കുമരകം പി.ഒ കോട്ടയം- 686563
ശ്രീമതി.ഉഷാകുമാരി പി., കോട്ടൂർ ഹൗസ്, തോട്ടക്കാട് പി.ഒ, കോട്ടയം- 686539
ശ്രീമതി.സിസി രാജ്ജ, മാളിയേക്കൽ ഹൗസ്, മണർക്കാട് പി.ഒ,കോട്ടയം -686019
ശ്രീമതി. സൂസമ്മ ഉഴുപ്പ് കോണ്ടൂർ ഹൗസ്,പേരൂർ പി.ഒ, ഏറ്റുമാനൂർ, കോട്ടയം-686637
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 30-08-2024 11:39:13
സെക്ഷൻ ഓഫീസർ